ജീവനക്കാരുടെ സേവനം ലഭ്യമാണ്. ഓഫീസ് ജോലിക്ക് പുറമേ ഇവർ നെയ്ത്തുകാരുടെ വീടുകൾ സന്ദർശിച്ച് നെയ്ത്തുകാർക്ക് വേണ്ടുന്ന നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളായ തനിമ, കൃതിക വഴിയും, പാലക്കാട് മിനി ക്ലസ്റ്ററിന്റെ കീഴിലും നെയ്ത്തുകാർക്ക് പുതിയ ഡിസൈനിൽ ഉത്പാദനത്തിനുള്ള പരിശീലനം നൽകുന്നുണ്ട്.

(ഡി) നിബന്ധനകൾക്ക് വിധേയമായി എല്ലാ വർഷവും ഹാൻവീവിന് മാർക്കറ്റിംഗ് ഇൻസന്റീവ് ലഭിക്കാറുണ്ട്. ഇതിൽ 50% കേന്ദ്രസർക്കാർ വിഹിതവും 50% സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2009-10 വർഷത്തിൽ 12.93 ലക്ഷം രൂപയും ഈ സാമ്പത്തികവർഷം 8.86 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ രണ്ട് വർഷങ്ങളിലെ കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടില്ല. 2008-09 വരെ കേന്ദ്രസർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും ലഭിച്ചിട്ടുണ്ട്.

(ഇ) നെയ്ത്തുകാരിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ ഗുണമേന്മ ഉറപ്പ് വരുത്താറുണ്ട്. ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങൾ ഹാൻവീവ് സംഭരിക്കാറില്ല. ഉൽപ്പാദനകേന്ദ്രങ്ങളിലെ സാങ്കേതിക വിദഗ്ദർ, നെയ്ത്തുകാരുടെ വീടുകൾ സന്ദർശിച്ച് ഉത്പാദന തകരാർ തീരെ ഇല്ലാതാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(എഫ്) കോർപ്പറേഷന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ 400 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്.

എല്ലാ സർവ്വകലാശാലകളിലും ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം

5 (*245) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞുവോ ;

(ബി) പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത രീതിയിലുള്ള ഇച്ഛാധിഷ്ഠിത സെമസ്റ്റർ സംവിധാനം തെരഞ്ഞെടുക്കാൻ കൂടുതൽ അവസരം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കാനും എന്തൊക്കെ പുതിയ ക്രമീകരണങ്ങൾ നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(സി) ഓരോ സ്ഥാപനങ്ങളുടെയും വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിനായി ഇപ്പോൾ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം ഇനി ഏതൊക്കെ ജില്ലകളിൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള രീതികൾക്ക് പുറമേ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് കോളേജുകളുടെ ക്ലസ്റ്റർ സമ്പ്രദായം വ്യാപകമാക്കണമെന്ന നിർദ്ദേശമാണ് ഉയർന്നുവന്നിട്ടുള്ളത്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് ഇപ്പോൾ ക്ലസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) നിലവിലുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഘടനാപരമായ മാറ്റങ്ങളോടെ കൂടുതൽ ക്ലസ്റ്ററുകൾ കൂടുതൽ ജില്ലകളിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സിഡ്കോ നൽകിവരുന്ന സഹായങ്ങൾ

6 (*246) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സിഡ്കോ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly